പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

നിയമസഭാ ചോദ്യം നമ്പർ : * 171

08.12.2014-ൽ മറുപടിക്ക്.

## പോലീസ് സേനയുടെ ശാക്തീകരണം.

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.കെ. നാണു<br>ശ്രീ. മാത്യു.റ്റി. തോമസ്<br>ശ്രീമതി. ജമീല പ്രകാശം<br>ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഗതാഗത സാന്ദ്രത വർദ്ധിച്ചു വരുന്നതും സൈബർ കേസുകൾ അടക്കം പുതിയ മേഖലകളിൽ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതും കണക്കിലെടുത്ത് പോലീസ് സേനയെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | : (എ) ഗതാഗത സാന്ദ്രത വർദ്ധിച്ച് വരുന്നതുമൂലമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി ഹൈവേ പട്രോളുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും, ഗതാഗത സംവിധാനങ്ങളുടെ പരിഷ്ക്കരണത്തിനും ആധുനിക സാങ്കേതിക സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. **Interceptors, Laser Speed Radars, Speed detection Cameras, Traffic Security/Surveillance Cameras** എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ അപകട സാധ്യതാ മുന്നറിയിപ്പ് ബോർഡുകൾ, ട്രാഫിക് സിഗ്നൽ ബോർഡുകൾ എന്നിവ സ്ഥാപിയ്ക്കുകയും, പൊതുജനങ്ങൾക്കും, ഡ്രൈവർമാർക്കും, വിദ്യാർത്ഥികൾക്കും ട്രാഫിക് നിയമ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്തുവരുന്നു. പ്രധാന ജംഗ്ഷനുകളിലും, ഹൈവേകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ അമിത വേഗതയിൽ സഞ്ചരിക്കുന്ന വാഹനങ്ങൾ ഇത്തരം **High Speed Surveillance** ക്യാമറയിൽ പതിയുന്ന പ്രകാരം പിഴ ചുമത്തുകയും ചെയ്യുന്നുണ്ട്. ഗതാഗത നിയന്ത്രണത്തിനായി ഗതാഗത സാന്ദ്രതയുള്ള സ്ഥലങ്ങളിൽ ട്രാഫിക് യൂണിറ്റ്, ട്രാഫിക് പോലീസ് സ്റ്റേഷൻ, എയിഡ് പോസ്റ്റ് തുടങ്ങിയവ സ്ഥാപിയ്ക്കുകയും അവ |

പ്രവർത്തിപ്പിക്കുന്നതിനായി ആവശ്യമുള്ള തസ്തികകൾ സൃഷ്ടിക്കുകയും ചെയ്ത് പോലീസ് സേനയെ ശക്തിപ്പെടുത്തി വരുന്നു. സൈബർ കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിനും തടയുന്നതിനും ജില്ലാ പോലീസ് ആസ്ഥാനങ്ങളിൽ 24 മണിക്കൂറും പ്രവർത്തിയ്ക്കുന്ന സൈബർ സെല്ലുകളും, പോലീസ് ആസ്ഥാനത്ത് ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ കീഴിൽ ഹൈടെക്സെല്ലും പ്രവർത്തിക്കുന്നുണ്ട്. സൈബർ സെല്ലിലേയ്ക്കാവശ്യമായ 133 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഒരു സൈബർ പോലീസ് സ്റ്റേഷൻ, ക്രൈം ബ്രാഞ്ചിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. സ്വകാര്യ പങ്കാളിത്തത്തോടുകൂടി ടെക്നോ പാർക്കിൽ ഒരു സൈബർ ഡോം തുടങ്ങുന്നതിന് 22.08.2014 ലെ ജിഒ (എംഎസ്) നമ്പർ 167/2014/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയാനായി വിവിധ സോഫ്റ്റ് വെയർ വാങ്ങി ഹൈടെക് സെല്ലുകൾക്കും, സൈബർ പോലീസ് സ്റ്റേഷനുകൾക്കും നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പോലീസ് സേനയെയും പോലീസ് സ്റ്റേഷനുകളെയും നവീകരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

: (ബി) MoPF Scheme, Plan scheme, 13th FCA, തുടങ്ങിയ പദ്ധതികളിലൂടെയുള്ള നവീകരണമാണ് പോലീസ് സേനയിൽ നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികളിലൂടെ അടിസ്ഥാന/താമസസൗകര്യങ്ങൾ ഏർപ്പെടുത്തിയും, വാഹനങ്ങൾ, ആയുധങ്ങൾ, സെക്യൂരിറ്റി ഉപകരണങ്ങൾ, ട്രാഫിക് ഉപകരണങ്ങൾ, കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ, ട്രെയിനിംഗ് ഇൻഫ്രാസ്ട്രക്ച്ചർ എന്നിവ കൂടുതലായി ലഭ്യമാക്കിയും പോലീസ് സേനയെ നവീകരിച്ചു വരുന്നു. ഇതിനുപുറമേ പോലീസ് സേനയുടെ നവീകരണത്തിനായി ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവയർനസ്, സ്പെഷ്യൽ മോഡണൈസേഷൻ സ്കീം, CCTNS, ഇലക്ട്രോണിക് ബീറ്റ് സിസ്റ്റം, ക്രൈം ബ്രാഞ്ച് പുനഃസംഘടന എന്നിവയും നടപ്പിലാക്കി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേനയുടെ നവീകരണത്തിനായി 126.818 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പോലീസിന്റെ അംഗബലം കൂട്ടാൻ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

: (സി ) പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിച്ച് സേനയെ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. പോലീസ് സേനയുടെ അംഗബലം പ്രതിവർഷം 5% വീതം വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) നിലവിൽ പോലീസ് സേനയിലെ ഡ്രൈവർമാരടക്കമുള്ള തസ്തികകളിലെ ഒഴിവുകൾ നികത്താൻ സർക്കാർ തയ്യാറാകുമോ?

: (ഡി) ഒഴിവുകൾ പി.എസ്.സിയ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ